ഹാരം ഉണ്ടാകണം, ആവശ്യമായ നടപടികളും ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഇത് ഒരു കോ-ഓപ്പറേറീവ് അണ്ടർടേക്കിംഗാണ്. അദ്ദേഹം പറഞ്ഞതു പോലെ അങ്ങനെ കോ-ഓപ്പറേറീവ് ആൻഡ് സെൽഫ് എംപ്ലോയ്മെൻറ് സ്കീമനുസരിച്ച് 5,000 രൂപ വീതം തൊഴിലാളികളെ എടുത്തിട്ടുള്ളതും പോരാഞ്ഞ് ഇൻഡസ്ട്രിയൽ ഫിനാൻഷ്യൽ കോപ്പറേഷൻ ഓഫ് ഇന്ത്യ 40 ലക്ഷം രൂപയും ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് ബാങ്ക് 60 ലക്ഷം രൂപയും കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ 37 ലക്ഷം രൂപയും അങ്ങനെ 137 ലക്ഷത്തോളം രൂപ വിവിധ രീതിയിൽ നൽകിയിട്ടുള്ളതുമാണ്. എന്നിട്ടും ഇത് നടത്താൻ കഴിയാത്ത സാഹചര്യമാണവിടെ. ഇൻഡസ്ട്രിയൽ ഡവലപ്മെൻറ് ഫണ്ടിന് കേരളത്തിൽ നിന്നും 11 ലക്ഷം രൂപ കൂടി ടെമ്പററിയായിട്ടുള്ള ലോണായി എടുത്ത് ഇത് നടത്തുകയാണ്. അങ്ങനെ നടത്തുമ്പോഴും അദ്ദേഹം സൂചിപ്പിച്ചതുപോലെ അത് അതിഭീമമായ നഷ്ടത്തിൽ വരികയും എടുത്ത പണത്തിന്റെ പലിശ കൊടുക്കാൻ കഴിയാതെ വരികയും ചെയ്തു. ഈ സാഹചര്യത്തിൽ ഇത് പതിമൂന്നു മാസത്തോളം പൂട്ടിയിടുകയുണ്ടായി. അതിനുശേഷം റിലീഫ് അണ്ടർടേക്കിംഗായിട്ടാണ് ഇത് നടത്തുന്നത്. റിലീഫ് അണ്ടർടേക്കിംഗനുസരിച്ച് ഫർദറായിട്ട് കടബാദ്ധ്യത വരുത്തിവച്ച് ശമ്പളം കൊടുക്കുന്ന വ്യവസ്ഥയില്ലെന്ന് ഞാൻ വിനയപൂർവ്വം ചൂണ്ടിക്കാണിക്കട്ടെ. അപ്പോൾ മാനേജ്മെൻറിന്റെ അഭ്യർത്ഥന ഇങ്ങനെയാണ്. 137 ലക്ഷവും പിന്നെ 11 ലക്ഷവും എടുത്തിട്ടും യാൺ മേടിക്കാൻ പണമില്ല. അതുകൊണ്ട് യാൺ കടം മേടിച്ചാണ് പ്രോസസ് ചെയ്യുന്നത്. അങ്ങനെ ഇപ്പോഴും ഈ കടങ്ങൾ വീട്ടാത്ത സ്ഥിതിയിൽ സെൽഫ് സഫിഷ്യൻറ് ആയിട്ടോ സെൽഫ് സപ്പോർട്ടിംഗായിട്ടോ നടത്തുമ്പോൾ പ്രോഫിറ്റുണ്ടാക്കാൻ നിവൃത്തിയില്ല''. ഇവിടെ മാനേജ്മെൻറിനെക്കുറിച്ചും കൺസിലിയേഷനെക്കുറിച്ചും പറഞ്ഞു. നിരവധി കൺസിലിയേഷൻ ലേബർ ഡിപ്പാർട്ട്മെൻറ് വിളിച്ചു കമ്മീഷണർ വിളിച്ചു, ഞാൻ വിളിച്ചു. അവിടെയൊക്കെയുള്ള കുഴപ്പം റിലീഫ് അണ്ടർടേക്കിംഗായിട്ടുള്ള ഇതിൽ ഇപ്പോഴത്തന്നെ പണമില്ലാതെ കടമായി യാൺ എടുക്കുന്നതുകൊണ്ട് തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാൻ പ്രയാസമാണ്. അങ്ങനെ കമ്പനി ഒരു ലിക്വിഡേഷൻ സ്റ്റേജിൽ നിൽക്കുന്നതുകൊണ്ടും ലിക്വിഡേഷനിൽ മാനേജ്മെൻറിന് തീരുമാനമെടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടുമുള്ള നിസ്സഹായാവസ്ഥ അവർ തൊഴിലാളി യൂണിയനുകളോടും കൺസിലിയേഷൻ അതോറിട്ടിയോടും പറഞ്ഞു. ഇങ്ങനെയുള്ള സ്ഥിതിയിൽ യൂണിയന്റെ ഡിമാൻറുകളെക്കുറിച്ച് ആലോചിച്ചല്ലാതെ എന്തെങ്കിലും ചെയ്യുന്നതിന് മാനേജ്മെൻറിന് സാധിക്കുകയില്ല. പക്ഷേ ഒരു പ്രത്യേക സ്കീമിൽ ഇന്ത്യയുടെ മുഴുവൻ ശ്രദ്ധ ആകർഷിച്ച കോടിക്കണക്കിന് രൂപ മുതൽമുടക്കുള്ളതും ഇപ്പോഴും സെൽഫ് സപ്പോർട്ടിംഗ് അല്ലാത്തതുമായ റിലീഫ് അണ്ടർടേക്കിംഗിനെ സംബന്ധിച്ചിടത്തോളം അഡീഷണൽ ബാദ്ധ്യത വന്നാൽ കമ്പനി ക്ലോഷറിൽ വരും. അത് അങ്ങനെ ക്ലോഷർ ചെയ്യാൻ നിവൃത്തിയില്ല. ഗവൺമെൻറ് കൺസിലിയേഷൻ നടപടികളും പൂർണ്ണമായും നടത്തി പ്രശ്നം തീർക്കാൻ ശ്രമിക്കുന്നതാണ്.

2 കൃഷിനാശം മൂലം കഷ്ടപ്പെടുന്ന കുട്ടനാട്ടിലെ നെൽകൃഷിക്കാർക്ക് സഹായം

ഡോ. കെ. സി. ജോസഫ് : സർ, കഴിഞ്ഞ പുഞ്ചകൃഷിക്കാലത്ത് കുട്ടനാട്ടിൽ വളരെ വ്യാപകമായി നെൽകൃഷിക്ക് നാശനഷ്ടമുണ്ടായി. കഴി

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞവർഷത്തെ വെള്ളപ്പൊക്കക്കാലത്ത് വ്യാപകമായി രണ്ടാം കൃഷി നശിച്ചതു മൂലം നെൽവിത്ത് പുഞ്ചകൃഷിക്ക് ഇറക്കുവാൻ ലഭിക്കുകയുണ്ടായില്ല. ഇത് ഞാൻ തന്നെ മുൻകൂട്ടി ഗവൺമെൻറിനേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെയും അറിയിച്ച് സാധാരണ രീതിയിൽ രണ്ടാംകൃഷിക്ക് ലഭിക്കുന്ന നെൽവിത്ത് ഉപയോഗിച്ചാണ് നെൽകൃഷി ചെയ്യാറുള്ളത്. വ്യാപകമായി രണ്ടാം കൃഷി വെള്ളപ്പൊക്കംമൂലം നഷ്ടപ്പെട്ട സാഹചര്യത്തിൽ കുട്ടനാട്ടിലെ നെൽപാടങ്ങളിൽ മുഴുവൻ പുഞ്ചകൃഷിയിറക്കുവാൻ പര്യാപ്തമായ തോതിൽ നല്ലയിനം നെൽവിത്തു കൊടുക്കാനുള്ള നടപടികളും കൃഷിവകുപ്പ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ നിർഭാഗ്യവശാൽ രണ്ടാം കൃഷി നശിച്ച കൃഷിക്കാർക്കുമാത്രമേ ഡിപ്പാർട്ടുമെൻറ് വിത്ത് നൽകുകയുണ്ടായുള്ളൂ. അതുകൊണ്ടുതന്നെ സഹകരണ സർവ്വീസ് സൊസൈറ്റികളും സഹകരണഏജൻസികളും ഡിപ്പാർട്ടുമെൻറുകളും അംഗീകരിക്കാത്ത മോശപ്പെട്ട വിത്തുകളും പാലക്കാട്ടുനിന്നും മറ്റു പല സ്ഥലങ്ങളിൽ നിന്നും വ്യാപകമായി കൊണ്ടുവന്ന് കൃഷിക്കാർക്ക് വിൽക്കുകയുണ്ടായി. അത്തരം നെൽവിത്ത് കൃഷിചെയ്ത പാടശേഖരങ്ങളും പരിപൂർണ്ണമായും, 100 ശതമാനം വിളനാശമുണ്ടായിരിക്കുന്നു. ടി. കെ. എം.-9 എന്നുപറയുന്ന വിത്ത് കൊണ്ടുവന്ന് കൃഷി ചെയ്ത പാടശേഖരങ്ങളിലെല്ലാം പരിപൂർണ്ണമായി കൃഷി നശിച്ചു. ഇത്തരം കൃഷിനാശം ഉണ്ടായവർക്ക് സഹായം നൽകാൻ ഒരു നടപടിയും ഇതിനകം ഗവൺമെൻറ് സ്വീകരിച്ചില്ല. അവർക്ക് സഹായം നൽകുവാൻ അടിയന്തിര നടപടികളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഗവൺമെൻറ് ആശ്വാസനടപടികളും സ്വീകരിക്കണം. കൃഷി നശിച്ചവർക്ക് സഹായം ലഭിക്കാൻവേണ്ടി കേന്ദ്രഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ വിള ഇൻഷ്വറൻസ് പദ്ധതിയുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതി കേരളത്തിന്റെ സ്ഥിതിക്ക് അനുയോജ്യമല്ലാത്ത രീതിയിലാണ് ഉണ്ടാക്കിയിട്ടുള്ളത്. കഴിഞ്ഞ വെള്ളപ്പൊക്കകാലത്ത് വ്യാപകമായ കൃഷിനാശം ഉണ്ടായവർക്കുപോലും ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയുണ്ടായില്ല. അതുപോലെ തന്നെ താലൂക്കടിസ്ഥാനത്തിലാണ് വിള ഇൻഷ്വറൻസ് പദ്ധതി ഉപയോഗിക്കുന്നത്. ഒരു താലൂക്കിൽ ചില പാടങ്ങളും മുഴുവൻ കൃഷിയും നശിച്ചാൽപോലും ഇതിന്റെ ആനുകൂല്യം കിട്ടാൻ പ്രയാസമാണ്. ഈ സ്ഥിതി വിശേഷം ഉള്ളതുകൊണ്ട് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം കൃഷി നശിച്ചവർക്ക് കിട്ടാൻവേണ്ടി ചില മാറ്റങ്ങളും വരുത്താൻ കേന്ദ്ര ഗവൺമെൻറിനോടാവശ്യപ്പെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, കഴിഞ്ഞ വെള്ളപ്പൊക്കംമൂലം കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ കൃഷിക്കാർക്ക് 1595 ടണ്ണോളം മേൽത്തരം നെൽവിത്ത് കൃഷിവകുപ്പ് സൗജന്യമായി വിതരണം ചെയ്തു കഴിഞ്ഞു. 15,846 ഹെക്ടർ സ്ഥലത്തേയ്ക്കാണ് ഇങ്ങനെ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ ചില സഹകരണ ഏജൻസികളും വിൽപ്പന നടത്തിയ 20 ടണ്ണോളം ടി. കെ. എം.-9 എന്ന ഒരിനം വിത്തും കൃഷിയിറക്കിയിട്ടുണ്ട്. ഇത് വളരെ മോശപ്പെട്ട വിത്താണ്. ഈ വിത്ത് ഉപയോഗിച്ച പാടങ്ങളിലാണ് കൂടുതലായി കുലവാട്ട് രോഗം പിടിപെട്ട് കൃഷി നശിച്ചത്. ഈ പ്രദേശങ്ങളിൽ മാത്രമല്ല അയൽ പ്രദേശങ്ങളിലും ഇങ്ങനെ നാശമുണ്ടായിട്ടുണ്ട്. ഏതായാലും ഇവർക്ക് എന്തു സഹായം നൽകാൻ കഴിയും എന്ന് ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

വിള ഇൻഷ്വറൻസ് കേന്ദ്രഗവൺമെൻറിന്റെ ഒരു പദ്ധതിയാണ്. ഇപ്പോൾ താലൂക്ക് ഒരു യൂണിറ്റായി സ്വീകരിച്ചിട്ടുള്ള സ്ഥിതിക്ക് ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നാണ് പരിശോധിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ് : കൃഷി നാശം ഉണ്ടാകുന്നവർക്ക് ആശ്വാസം നൽകുവാൻ ഗവൺമെൻറിന് ഇപ്പോഴും എന്തെങ്കിലും പദ്ധതികളുണ്ടോ? ആ പദ്ധതി അനുസരിച്ചുള്ള ആശ്വാസമെങ്കിലും കൃഷിനാശം സംഭവിച്ചവർക്ക് കൊടുക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ് : അത് ആലോചിക്കുന്നതാണ് .

V സബ്മിഷൻ

1. കൊച്ചിൻ യൂണിവേഴ്സിറ്റി ഓർഡിനൻസ്

ശ്രീ. കെ. മുഹമ്മദാലി : സർ, ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിന് അപമാനകരമായിത്തീർന്നിട്ടുള്ള ഒരു ഓർഡിനൻസിനെക്കുറിച്ചാണ് ഞാൻ ഇവിടെ സംസാരിക്കാൻ ആഗ്രഹിക്കുന്നത്. കൊച്ചിൻ യൂണിവേഴ്സിറ്റി ഓർഡിനൻസ് എന്നാണ് അതിൻെറ പേര്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് ഈ രംഗത്തേക്ക് കടന്നുവന്നിട്ടുള്ളത്. അങ്ങനെയുള്ള അദ്ദേഹത്തിന് ഇത്ര ജനാധിപത്യവിരുദ്ധമായ ഒരു ഓർഡിനൻസ് കൊണ്ടുവരുവാൻ എങ്ങനെ കഴിഞ്ഞുവെന്ന് ഞാൻ ചോദിച്ചു പോവുകയാണ്. എല്ലാ യൂണിവേഴ്സിറ്റി സ്ഥാപനങ്ങളേയും ഇല്ലാതാക്കിക്കൊണ്ട്, യൂണിവേഴ്സിറ്റി, സെനറ്റ്, സിൻഡിക്കേറ്റ് എന്നിവ പൂർണ്ണമായും ഇല്ലാതാക്കിക്കൊണ്ട്, സിൻഡിക്കേറ്റ് പൂർണ്ണമായും വൈസ് ചാൻസലർ നിയോഗിക്കുന്ന ഒരു സമിതിയാക്കിമാറ്റിക്കൊണ്ട്, ഒരു ഓർഡിനൻസ് പുറത്തുവന്നിരിക്കുകയാണ്. യൂണിവേഴ്സിറ്റി സെനറ്റ്, സിൻഡിക്കേറ്റ് എന്നിവയിൽ പെടുന്ന അംഗങ്ങളെ സസ്പെൻറു ചെയ്യാൻ വരെയുള്ള അധികാരം ഓർഡിനൻസിലൂടെ വൈസ് ചാൻസലർക്ക് നൽകിയിരിക്കുകയാണ്. ഇതുപോലൊരു ഓർഡിനൻസ് കൊണ്ടുവരുന്നതിന് ഇൻഡ്യയിലെ ഒരു യൂണിവേഴ്സിറ്റിയിലും ആരും തന്നെ തയ്യാറാകുമെന്ന് ഞാൻ കരുതുന്നില്ല. എല്ലാ കീഴ്വഴക്കങ്ങളെയും ജനാധിപത്യ മര്യാദകളെയും ലംഘിച്ചുകൊണ്ടാണ് ഈ ഓർഡിനൻസ് തയ്യാറാക്കിയിരിക്കുന്നത്.

ഈ വൈസ്ചാൻസലർക്ക് തുടരുവാൻ വേണ്ടിമാത്രം തയ്യാറാക്കിയിരിക്കുന്ന രീതിയിലാണ് ഇതിലെ ചട്ടങ്ങളും റൂളുകളും തയ്യാറാക്കിയിരിക്കുന്നത്. വൈസ്ചാൻസലർ തെരഞ്ഞെടുക്കുന്ന മൂന്നു കമ്മറ്റികളും ഉണ്ട്. സിൻഡിക്കേറ്റിൻെറ പ്രതിനിധി, യു. ജി. സി. യുടെ പ്രതിനിധി, ഗവൺമെൻറിൻെറ പ്രതിനിധി എന്നിവർ കമ്മറ്റിയിൽ അംഗങ്ങളാണ്. ഈ ഓർഡിനസ് പുറത്തുവന്ന അന്നുതന്നെ അദ്ദേഹം ഡൽഹിയിൽ പോയി യു. ജി. സി. യുടെ പ്രതിനിധിയായി എഴുതി കൊണ്ട് വന്നിരിക്കുകയാണ്. അദ്ദേഹം നിയോഗിക്കുന്ന സിൻഡിക്കേറ്റാണ് അടുത്തയാളെ നിർദ്ദേശിക്കേണ്ടത്. അങ്ങനെ അദ്ദേഹത്തിന് മാത്രം കടന്നുവരാൻ കഴിയുന്ന വിധത്തിൽ ചെരിപ്പിന് പാകമായി കാലു മുറിച്ചു കൊണ്ടാണ് ഈ ഓർഡിനൻസ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇത് ദൂരവ്യാപകമായ പല പ്രശ്നങ്ങളുമുണ്ടാക്കുമെന്നുള്ളതിന് സംശയമില്ല. എല്ലാരംഗത്തുമുള്ള ആളുകളും ഇതുസംബന്ധിച്ച് ചർച്ചയിൽ പങ്കെടുക്കേണ്ടതായിരുന്നു. ഇതിനെക്കുറിച്ച് ചർച്ച ചെയ്യണം ഞങ്ങളുടെ അഭിപ്രായംകൂടി കേൾക്കണം എന്ന് രേഖാമൂലം എഴുതിക്കൊടുത്തിട്ടു കൂടി അത് മാനിക്കാതെയാണ് വളരെ തിടുക്കത്തിൽ ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നത്. സിൻഡിക്കേറ്റിനെ വൈസ്ചാൻസലർ നിയോഗിക്കുന്നു. ഇന്ത്യയിലെ മറെറാരു യൂണിവേഴ്സിറ്റിയിലുമില്ലാത്ത ഈ ഓർഡിനൻസ് പിൻവലിക്കുന്നതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി തയ്യാറാകണമെന്നും

LIBRARY ARCHIVES Kerala Legislative Assembly